HON'BLE MR. T. K. NARAYANA PILLAI : അതിനാണ് ഞാൻ മറുപടി പറഞ്ഞത്. ഓരോന്നിനും ഇന്ന പരീക്ഷായോഗ്യത വേണമെന്നുംമറും വ്യവസ്ഥയുണ്ട്. കൂടാതെ അതിന മുമ്പുതന്നെ ഇവിടെ കുറെ സാങ്കേതികപരിശീലനം സിദ്ധിച്ചിരിക്കണം. അങ്ങനെയുള്ള വരെയാണ് എടുക്കുന്നത്.

MR. V. DEVAN (*Kottayam IV—Pulaya Reserved*) : പരീക്ഷായോഗ്യത എന്താണ്.

HON'BLE MR. T. K. NARAYANA PILLAI : അതു് ഓരോ പരിശീലനത്തിനും ഓരോന്നാണ്.

Kurusady Road in Agasteeswaram Taluk.

* 552. MR. A. CHIDAMBARANATHA NADAR (*Kalkulam II—Hindu Nadar*):

തിക്കാണും വിണ്ണക്കളുക്കു കണം മാമത്തു മന്തിരി പതിൽ തരുവാർകളാരാ.

1. *നാകർകോവിൽ—മണവാളക്കുറിച്ചി മോട്ടിലിരുന്തു, പിരിന്തു പോകക്കൂടിയ കുരുചടി റോട്ടിൽ എപ്പോതാവതു, സല്ലി വൈത്തതുണ്ടാ? അപ്പടിയാനാൽ, അതു എപ്പോതു?*

2. *കഴിന്ത ഒരു മാതത്തിറ്കു മുന്നർ, കുരുചടിറോട്ടിൽ കൂട്ടിവൈത്തിരുന്ത സല്ലികളൈ വണ്ടികളിൽ തിരുമ്പ വാരിക്കൊണ്ടുപോകക് കാരണമെന്ന?*

3. *അങ്കിരുന്ത മാറ്റിയ സല്ലികളൈ വേറു എന്ത റോട്ടുക്കുക് കൊണ്ടുപോകപ്പട്ടതു? അതറ്കുക് കാരണമെന്ന?*

HON'BLE MR. K. R. ELANKATH : ആ റോഡ് ഗ്രാവൽ ചെയ്തിട്ടില്ല.

(ബി) ഗവണ്മെൻറ് അവിടെ പ്രത്യേകമായി റബിം കൂട്ടുകയോ മാറുകയോ ചെയ്തിട്ടില്ല.

(സി) ബിയിൽ നിന്നും ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

MR. A. CHIDAMBARANATHA NADAR : *ഇനി, ഇപ്പൊഴുതാവതു സല്ലി വൈക്ക മുടിയുമാ?*

HON'BLE MR. K. R. ELANKATH : ഉണ്ട്. അതിനുവേണ്ടി നാല്പതിനായിരം രൂപായുടെ എസ്റ്റിമേറും തയ്യാറായിട്ടുണ്ട്.

MR. A. CHIDAMBARANATHA NADAR : *സല്ലി കൂട്ടിവൈത്ത, അന്തക് Contractor-ക്കു രൂപായ് കൊടുക്കാത കാരണത്തിനാൽ അച്സല്ലികളൈത്തിരുമ്പികൊണ്ടു പോനതു മന്തിരിക്കുത്തെരിയുമാ?*

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. R. ELANKATH : ഇതു് കൺട്രാക്ടർ, അല്ലേഫത്തിന്റെ സൗകര്യമനുസരിച്ചു അവിടെ കൂട്ടിയതായിരിക്കാം.

കോട്ടയം സത്രം.

*553. MR. P. K. KUMARAN ACHARI : (മീനച്ചൽ ഫ്ലഡ് കമ്മാള സംവരണം): താഴെ കാണുന്ന ചോദ്യത്തിനു് സത്രങ്ങളുടെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

കഴിഞ്ഞ രണ്ടുമൂന്നുകൊല്ലമായി പൊതുജനോപയോഗത്തിനു് പ്രയോജനപ്പെടാത്തവണ്ണം കോട്ടയം സത്രത്തിൽ റിസർവുപോലീസിനെ സ്ഥിരമായി താമസിപ്പിച്ചുവരുന്നതിന്റെ കാരണം എന്തെന്നു മറുപടി പറയുവാൻ ബഹുമാനപ്പെട്ട മന്ത്രിക്കു് ദയവുണ്ടാകുമോ ?

HON'BLE MR. T. K. NARAYANA PILLAI : കോട്ടയം ഡിവിഷനിൽ റിസർവു കാൺസ്റ്റബിൾസ് താമസിക്കുന്നതിനു ഒരു ശരിയായ സ്ഥലം കിട്ടാത്തതുകൊണ്ടു് താല്ക്കാലികമായി അവരെ കോട്ടയം സത്രത്തിൽ താമസിക്കുന്നതിനു അനുവദിച്ചിട്ടുണ്ടു്.

MR. KRISHNAN AYYAPPAN (*Shertalai III—General*): ഇവർക്കു് താമസിക്കുന്നതിനു സൗകര്യപ്രദമായ ഒരു സ്ഥലം അതായതു് അവിടെ മുമ്പു ഒന്നാംക്ലാസ്സു് മജിസ്ട്രേട്ടു് കോടതി ഇട്ടിരുന്ന സ്ഥലം ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നതായി അറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : ഉണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

MRS. DEVAKI GOPIDAS (*Kottayam I—General*) : ഈ പോലീസുകാർ അവിടെ എത്രനാളായി താമസിച്ചുവരുന്നു എന്നറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI: കുറച്ചുനാളായിട്ടു താമസിക്കുന്നുഎന്നറിയാം. കൃത്യമായി അറിവില്ല.

MRS. DEVAKI GOPIDAS : സർ സി. പി-യുടെ സ്വതന്ത്ര തിരുവിതാംകൂറിനെ അനുകൂലിക്കുന്നതിനായിട്ടാണു് ഈ പോലീസുകാരെ ആ സത്രത്തിൽ താമസിപ്പിച്ചിരുന്നുവെന്നുള്ള വസ്തുത അറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : സ്വതന്ത്ര തിരുവിതാംകൂറിനെ അനുകൂലിക്കാനാണു് പോലീസുകാരെ അവിടെ താമസിപ്പിച്ചിരുന്നുവെന്നു പറയുവാൻ നിവർത്തിയില്ല.

MR. P. M. VARGHESE (*Thodupuza II—General*) : ചോദ്യം അനുസരിച്ചു രണ്ടു മൂന്നുകൊല്ലമായി ഈ റിസർവു പോലീസുകാർ അവി

LIBRARY ARCHIVES Kerala Legislative Assembly